

കാരൂർ സോമൻ

# സൂയിസൈഡ് പോയിന്റ്



രാമകൃഷ്ണന് അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. എല്ലാ പ്രശ്നങ്ങൾക്കും അയാൾക്ക് പരിഹാരമുണ്ടായിരുന്നു. പിന്നെ ഇപ്പോഴെന്തിനീ ആത്മഹത്യ. കുടുംബത്തിൽ എന്തെങ്കിലും? നമ്മളറിയാത്ത വല്ല കടമോ? ഛെ, അതിന് സാധ്യതയില്ല. അയാൾ സ്വന്തം ജീവനേക്കാളേറെ സ്നേഹിച്ച പച്ചനിറത്തിലുള്ള വെസ്പ സ്കൂട്ടർ മനസ്സില്ലാമനസ്സോടെ വിറ്റിട്ട് പുതിയ മാരുതി 800 വാങ്ങാനിരിക്കുകയായിരുന്നല്ലോ.... പിന്നെ ഭാര്യയുമായി? അവർക്ക് പരപുരുഷ?.... അതോ രാമകൃഷ്ണനോ? അതൊക്കെ രാമകൃഷ്ണനെ സംബന്ധിച്ച് പാപങ്ങളായിരുന്നു. അയാളുടെ ഭാര്യയാവട്ടെ രണ്ടു നേരവും കുളിച്ച് ഈറനോടെ അടുത്തുള്ള ഗണപതി കോവിലിൽ പോവുമായിരുന്നു. പിന്നെ രാമകൃഷ്ണാ നീയെന്തിന് ആത്മഹത്യ ചെയ്തു?

മിസ്റ്റർ....... നിങ്ങൾ പേരുപറഞ്ഞത് ഞാൻ മറന്നു. ഞാനും അതുതന്നെയാണ് തേടുന്നത്. രാമകൃഷ്ണൻ സൂയിസൈഡ് ചെയ്തത് എന്തിന്?

അനൂപ്, അനൂപ് അരവിന്ദൻ. ഞാൻ രാമകൃഷ്ണന്റെ ബെസ്റ്റ് ഫ്രണ്ടായിരുന്നു. ആയിരുന്നു എന്നല്ല, ഇക്കാര്യം അയാൾ മരിച്ചുവെന്ന് വച്ച് എനിക്കിപ്പോഴും തള്ളിക്കളയാനാവില്ല.

മിസ്റ്റർ അനൂപ്, ഒരു പ്രൈവറ്റ് ഡിറ്റക്ടീവിന്റെ മാന്യതയോടെ ചോദിക്കട്ടെ. അയാൾ നിങ്ങൾക്കെങ്ങനെ ബെസ്റ്റ് ഫ്രണ്ടായി?

ഞാനിവിടെ ട്രിവാൻഡ്രത്ത് വന്ന നാൾ മുതൽ, രാമകൃഷ്ണനും ഞാനുമൊന്നിച്ച് കാപ്പികുടിച്ചു, പ്രാതൽ കഴിച്ചു, നടക്കാൻ പോകുന്നു. വാർത്തകളിലെ വാർത്തകളെക്കുറിച്ച് സംസാരിക്കുന്നു, ചിലപ്പോൾ വാദിക്കുന്നു, പ്രതിവാദിക്കുന്നു. അങ്ങനെയങ്ങനെ ഞങ്ങൾ മിത്രങ്ങളും ആത്മമിത്രങ്ങളുമായി എന്നാണ് എന്റെ വിചാരം.

രാമകൃഷ്ണന്റെ ഫാമിലി തൃശൂരിൽ, കുന്ദംകുളത്തുനിന്നും ഇവിടേക്ക് സ്ഥിരതാമസത്തിന് വന്നപ്പോഴോ?

ഞങ്ങൾ കൂടുതൽ നേരം ഒന്നിച്ചിരിക്കാൻ തുടങ്ങി. സമാന്തരമായി വാർത്തകൾ ചേർത്തുവെച്ച് ഒരു പുതിയ ന്യൂസ് റൂം അവിടെ ഒരേസമയം വാർത്തകൾ അവതരിപ്പിക്കുന്ന രണ്ടാളുകളുമായി മാറി. അയാൾക്കുള്ളത് അയാളെടുത്തു. എനിക്കുള്ളതും അയാളെടുത്തുതന്നു.

എന്തുകൊണ്ടങ്ങനെ?

വാർത്ത സെലക്ട് ചെയ്യുന്ന കാര്യത്തിൽ രാമകൃഷ്ണനുള്ള ഔട്ട്ലുക്ക് എനിക്കില്ല. അയാൾ ഒരേസമയം കമിഴ്ന്നും മലർന്നും വാർത്തകളിലെ വരികൾക്കിടയിലൂടെ നീന്തി. അവിടെ അയാൾ ശാന്തസമുദ്രം ഒരുക്കുമായിരുന്നു. ഞാനവിടെ ജലതരംഗം മീട്ടുമെന്ന് അയാൾ പലപ്പോഴും അസൂയപ്പെട്ടു. അങ്ങനെ സൗഹൃദം ദൃഢപ്പെട്ടു.

അവസാനത്തെ നിങ്ങളുടെ പ്രതിവാദം എന്തിനായിരുന്നു?

അത് ഗിലാനി വിഷയമായിരുന്നു. രാമകൃഷ്ണൻ ഗിലാനി കുറ്റക്കാരനാണെന്ന് ഒരിക്കലും വിശ്വസിച്ചിരുന്നില്ല. ദൽഹി പോലീസും ബ്യൂറോക്രാറ്റും ചേർന്നുള്ള ഒരു നാണംകെട്ട കളിയായി ഗീലാനിയുടെ അറസ്റ്റിനെ അയാൾ അവതരിപ്പിച്ചു. എൻഡി ടിവിയിലെ ചാറ്റ് ഷോയിൽ പങ്കെടുത്ത മുക്താർ അബ്ബാസിനെ കെട്ടുകണക്കിന് ചീത്തയും പറഞ്ഞു. അനന്തരം ഞങ്ങൾ പ്രസ് ക്ലബിൽ കയറാതെ വടക്കുള്ള ബാറിലേക്ക് നടന്നു.

രാമകൃഷ്ണൻ തുടർന്നും അസ്വസ്ഥനായിരുന്നോ?

അങ്ങനെയായിരുന്നുവെന്നു പറയാം. ഈ കേസിനെ സംബന്ധിച്ച് ഞങ്ങളുടെ പത്രത്തിന്റെ ഡെസ്ക് ചീഫിന് വലിയ താൽപര്യമില്ലായിരുന്നു. അദ്ദേഹത്തിന് താൽപര്യം എയ്ഡ്സ് ക്ഷേമത്തിനായി വിക്ടോറിയയും സെറീനയും ഉടുതുണി അഴിച്ച് ഫോട്ടോക്ക് നിന്നത് അഞ്ചുകോളം ഡക്ക് അ

ടിക്കാനായിരു...

തിഷേധിച്ചു. ...

സ്ഥാനങ്ങളിലെ ...

ആളുകളുടെ ...

നിക്കുവേണ്ടി ...

ഗിലാനിയുടെ ...

ക്സറിനേക്കാളും ...

ന്നു. ഒരു ...

...ളുടെ രണ്ടാം എഡിറ്റോ
...ത്തുകാരൻ കണ്ണിറുക്കി
...ടർന്ന് ഞാനും രാമകൃ
...മെന്റ് രജിസ്റ്ററിൽ ഒ
...പുറത്തുചാടി.
...അനൂപ്, ഇതൊരു കാര
...ഞാൻ കരുതുന്നതിൽ
...ണ്ടോ?
...ഷ്ണൻ അതിനുശേഷം
...ന്നു. പക്ഷേ അയാൾ
...തിരിച്ചുവന്നു. പിറ്റേന്ന്ത
...ൾ ഇന്റർവ്യൂ പകർത്തി
...ടെ 'കല്യാണ സത്യ
...ആസ്വാദനം പടച്ച് ഞ
...ഞായറാഴ്ചപ്പതിപ്പിന് കൊ
...അന്ന് ഞങ്ങൾ ക്ഷോ
...ക്കുറിച്ചാണ് സംസാ

...നിമിഷം അനൂപ്, വാസ്ത
...രാമകൃഷ്ണന് നിങ്ങളുടെ
...എന്തായിരുന്നു ജോലി?
...ഒരു ലോക്കൽ പേജ് ഡി
...യിരുന്നു. എന്നാൽ ഒരിക്ക
...രാമകൃഷ്ണൻ ആത്മസം
...ടെ ചെയ്തിരുന്നതായി
...തോന്നുന്നില്ല. രാമകൃഷ്ണ
...അതായിരുന്നില്ല. അന്റോ
...പ്പെട്ട ബ്രിട്ടീഷ് അന്തർ
...ഓട്ടോ സാബിനെ തി
...ക്കൂറുകളോളം ഇന്റർനെ
...വഴിച്ച അയാൾക്ക് ചാല
...അഴുക്കുചാലും പാ
...വ്യാജ സിഡികളും ത
...വേശ്യകളുടെ പ്രശ്നങ്ങ
...ബാധിച്ചിരുന്നില്ല. രാമകൃ
...ഞങ്ങളാരും അങ്ങനെ ക
...ന്നതാണ് സത്യം.
...ക്കൊള്ളട്ടെ, ഒരു മനുഷ്യൻ
...ചെയ്യാൻ പ്രധാനമായും
...ങ്ങളുണ്ടാവും.
...ഇന്നുള്ള അസൈൻമെന്റ്
...ന്റെ ഫയലാണ്. സോ, ചി
...ങ്ങൾ കൂടി വേണം. മി
...അനൂപ്, ശല്യപ്പെടുത്തുകയാ
...ിക്കരുത്, അയാൾ കഥ
...ിരുന്നോ?
...ടൊക്കെ, ഞങ്ങളുടെ ചി
...രണങ്ങളിൽ അവ അ
...ഒരു കഥയിൽ രാമകൃ
...എന്നെ നായകനാക്കി-വൃദ്ധ
...ഞാനതിൽ സുനാമിയിൽ
...ഒരു കുട്ടിയോടൊപ്പം
...ക്കളെ കണ്ടുപിടിക്കാൻ ന
...റിപ്പോർട്ടറാണ്. അയാൾ
...എഡിറ്ററും. മറ്റൊന്നിൽ ഞാൻ
...ഭീകരമായ മഞ്ഞുവീഴ്ച
...ിക്കിടക്കുന്ന കാർ ഡ്രൈ
...കഥയുടെ പേര് 'സ്നോബി
...യൊന്നിൽ നായകൻ ആത്മ
...ുന്നു. അത് രാമകൃഷ്ണ
...യിരുന്നോ?
...അതുപറയു. ആ കഥയി
...കാര്യങ്ങൾ. അതൊരു പ്ര
...ക കഥയായിരുന്നോ?
...വായിച്ചിട്ടില്ല. മരിക്കുന്ന
...ഏതാനും ഭാഗങ്ങൾ



മ്യൂസിയം ഗ്രൗണ്ടിലും കോഫി ഹൗസി ലുമായി ഞാൻ വായിച്ചുകേട്ടിരുന്നു. അതിൽ ഒരു പത്രപ്രവർത്തകൻ ആത്മഹത്യ ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് വിവരിച്ചിരുന്നത്. ഞങ്ങളെ അയാൾ സങ്കുചിത തീവ്രവാദികളെന്നും ഡെസ്കിനെ തീവ്രവാദ ക്യാമ്പുകളെന്നും വിളിച്ചു. റിപ്പോർട്ടർമാർ മനുഷ്യബോംബുകളാണെന്നും എഡിറ്റർമാർ അവരെ ഉപയോഗിക്കുന്ന മിലിട്ടന്റ് ചീഫുകളാണെന്നും രാമകൃഷ്ണൻ പറഞ്ഞുവച്ചു. ഞാനത് എതിർത്തു. അതിനു മറുപടിയായി അയാൾ എന്നോട് പറഞ്ഞത് രക്ഷപ്പെടാനായി ഒരിക്കൽ കൂടി "സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ" വായിക്കാനായിരുന്നു.

രാമകൃഷ്ണൻ സൂയിസൈഡ് ചെയ്തതാണെന്ന് വിശ്വസിക്കാൻ കഴിയാത്ത വിവരങ്ങളാണ് നിങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. നോക്കൂ അനൂപ്, ഒരു പ്രൈവറ്റ് ഡിറ്റക്ടീവ് ഏജന്റിന് ചില പരിമിതികളുണ്ട്. അതായത് തുറന്നുപറയട്ടെ, എനിക്ക് ഫയൽ ക്ലോസ് ചെയ്തുകൊടുക്കേണ്ടത്-ഇത് ഒരു ആത്മഹത്യയാണെന്ന രീതിയിൽ തന്നെയാണ്.

ഞാൻ പറയാം. അടുത്തകാലത്തായി രാമകൃഷ്ണൻ കമ്പനിക്ക് പ്രിയപ്പെട്ടവനായിരുന്നില്ല. അയാൾ പല സ്കൂപ്പുകളും കമ്പനി രഹസ്യങ്ങളും ചോർത്തിയേക്കുമോയെന്ന് മാത്രം ഭയന്നാണ് രാമകൃഷ്ണനെ കമ്പനി പുറത്താക്കാതിരുന്നത്. എന്നാൽ അയാൾക്ക് ആരേയും ഭയമില്ലായിരുന്നു. അവസാന കൂടിക്കാഴ്ചയിൽ അയാൾ പറഞ്ഞിരുന്നു, അടുത്ത ജന്മമെങ്കിലും ആണത്തമുള്ള റിപ്പോർട്ടറായി ജനിക്കണമെന്ന്. ബെൽറ്റും ബോംബും സയനൈഡും ധരിച്ച് ചാവേർ പോരാളിയായി സ്വയം ജീവിതം മറന്ന് എഴുതിപ്പൊരുതുന്ന റിപ്പോർട്ടറാവണമെന്ന്.

എന്നിട്ട്?

രാമകൃഷ്ണനോട് അന്നുരാത്രി കമ്പനി വക ലറ്റർ ഹെഡിൽ വിആർഎസിന് താൽപര്യമുണ്ടോയെന്ന് എംഡി അന്വേഷിച്ചിരുന്നുവത്രെ. നീണ്ട 18 വർഷങ്ങളുടെ സേവനത്തിന്റെ ഫല... പുച്ഛിച്ച് അയാളത് പല കഷ്ണങ്ങ... യി കീറി വാർത്തകൾ നശിപ്പിക്കുന്ന കൊട്ടയിലെറിഞ്ഞു. പിന്നീട് പലർക്കും വാർത്തകൾ വെട്ടിത്തിരുത്തിക്കൊടുത്തു. കുനുകുനെയുള്ള അക്ഷരക്കൂട്ടങ്ങളിലെ വലിയ തെറ്റുകൾ കാണിച്ചുകൊടുത്തു. ദീർഘകാലമായി കമ്പ്യൂട്ടറിലുണ്ടായിരുന്ന സോഫ്റ്റ്‌വെയർ പ്രശ്നങ്ങൾ പരിഹരിച്ചു. അയാളുടെ സ്വകാര്യ ഫോൾഡറിലുണ്ടായിരുന്ന, എനിക്ക് മാത്രം അറിയാവുന്ന, ചില രഹസ്യ ഇ-മെയിൽ കോപ്പികൾ നശിപ്പിച്ചു. അവയിലൊന്ന് നേപ്പാളിലെ മാവോയിസ്റ്റുകൾക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ടുള്ള ഒരു ദീർഘകത്തായിരുന്നു.

അതിലെന്ത് അസ്വാഭാവികത, മിസ്റ്റർ അനൂപ്? ഒരാൾ മരിച്ചുകഴിയുമ്പോൾ അയാളെക്കുറിച്ചുള്ള നമ്മുടെ ഏറ്റവും അടുത്ത ഓർമകളിട്ട് ഇങ്ങനെ മറിച്ചും തിരിച്ചും വിശകലനം ചെയ്യുമ്പോൾ, മരണം അയാൾ കാത്തിരിക്കുകയായിരുന്നു എന്നൊക്കെ തോന്നിയേക്കാം. എന്നാലതിന് സോളിഡ് പ്രൂഫുകളൊന്നും ഇല്ലല്ലോ.

ഉവ്വോ?

രാമകൃഷ്ണൻ ആത്മഹത്യ ചെയ്യുന്നതിനും മണിക്കൂറുകൾക്ക് മുമ്പ് അയാൾ ഭാര്യയുമായി ഇണചേർന്നു. ആ കർമ്മം അയാൾ വർഷങ്ങൾക്കുശേഷം നിറവേറ്റുന്നതായിരുന്നു. അയാളുടെ പ്രിയപ്പെട്ട ചില പുസ്തകങ്ങൾ, സിഡികൾ, പേനകൾ, ഡയറികൾ, ചിത്രങ്ങൾ, പേപ്പർ കട്ടിംഗുകൾ നശിക്കാതെ സൂക്ഷിക്കാൻ ഭാര്യയെ പറഞ്ഞേൽപിച്ചു. ഇതും അബോധമായി ചെയ്തുവെന്നാണോ നിങ്ങൾ കരുതുന്നത്.

ക്ഷോഭിക്കാതെ മിസ്റ്റർ അനൂപ്, നമുക്കൊന്ന് റിലാക്സ് ചെയ്യാൻ ഒരു ചായ കുടി ആവാം അല്ലേ?

ദാ, എന്റെ ഫ്ളാസ്ക് കാലിയായിട്ടില്ല, പ്ലീസ്....

ശരി, ഈ ചായയോടെ നമുക്ക് സംഭാഷണം അവസാനിപ്പിക്കാം. രാമകൃഷ്ണൻ എന്റെ ബെസ്റ്റ് ഫ്രണ്ടായിരുന്നു. എന്നും എക്കാലത്തും. ഈ ഓർമകളാണ് എന്നെ തുടരാൻ പ്രേരിപ്പിക്കുന്നതും. അല്ലെങ്കിൽ ഒരുപക്ഷേ ഞാനും.....

വെയിറ്റ്, വെയിറ്റ്...മിസ്റ്റർ അനൂപ് അരവിന്ദൻ. ഞാൻ എന്റെ രാമകൃഷ്ണൻ ഇൻവെസ്റ്റിഗേഷനും അവസാനിപ്പിക്കുകയാണ്. അതിന് മുമ്പ് ഞാനെന്നെ പരിചയപ്പെടുത്തിയില്ലല്ലോ.... എന്റെ പേര് ഇവാൻ. അതെ, റഷ്യൻ നോവലുകളിലൊക്കെ ആവർത്തിച്ചുകേട്ടിട്ടുള്ള പേരുതന്നെ. ഞാൻ നിങ്ങളുടെ കമ്പനിയിലെ തന്നെ എംപ്ലോയിയാണ്. ഇതുപോലെ പലർക്കും ചായകൊടുക്കാനും ചായ കുടിച്ചവരുടെ ജീവിതം ഓർമക്കുറിപ്പുകളാക്കി മാറ്റാനും ശമ്പളം പറ്റുന്നവൻ. രാമകൃഷ്ണൻ കുടിച്ച അതേ ചായ തന്നെയാണ് നിങ്ങൾ കുടിച്ചതും ഇപ്പോൾ കുടിച്ചുകൊണ്ടിരിക്കുന്നതും. സോ, വിഷ് യു എ വെരി ഹാപ്പി.... അതുതന്നെ. കട്ടിലിൽ നീണ്ടുനിവർന്നുകിടക്കുക, കണ്ണടക്കുക. ഡും ഠക് ഠമാർ!! □